# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026



## ലിറ്റിൽ ഫ്ലവർ കോൺവെന്റ്

## ഹൈസ്കൂൾ ഇരിഞ്ഞാലക്കട

# OUR PATRON SAINT



## VISION

*Moulding a generation*

*With equanimity to rely*

*In the providence of*

*God through which they*

*Can be self-confident to*
*Transform the society.*

## MISSION

*To enhance value based*

*Education for the empowerment of*

*Women and children through*
*Wisdom and liberation*

# OUR HEADMISTRESS



# OUR STAFF



# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| **വിലാസം** | |
| ഇരിങ്ങാലക്കട<br><br>ഇരിങ്ങാലക്കട<br>,<br>ഇരിങ്ങാലക്കട പി.ഒ.<br>,<br>680121 | |
| **സ്ഥാപിതം** | 1923 |
| **വിവരങ്ങൾ** | |
| **ഫോൺ** | 0480 2826372 |
| **ഇമെയിൽ** | lfchssirinjalakuda@yahoo.com |
| **വെബ്സൈറ്റ്** | www.Lfchssirinjalakuda.org |
| **കോഡുകൾ** | |
| **സ്കൂൾ കോഡ്** | 23027 (സമേതം) |
| **യുഡൈസ് കോഡ്** | 32070700706 |
| **വിക്കിഡാറ്റ** | Q64089573 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| **റവന്യൂ ജില്ല** | തൃശ്ശൂർ |
| **വിദ്യാഭ്യാസ ജില്ല** | ഇരിഞ്ഞാലക്കട |
| **ഉപജില്ല** | ഇരിഞ്ഞാലക്കട |
| **ഭരണസംവിധാനം** | |
| **ലോകസഭാമണ്ഡലം** | തൃശ്ശൂർ |
| **നിയമസഭാമണ്ഡലം** | ഇരിങ്ങാലക്കട |

| | |
|---|---|
| **താലൂക്ക്** | മുകുന്ദപുരം |
| **ബ്ലോക്ക് പഞ്ചായത്ത്** | ഇരിഞ്ഞാലക്കുട |
| **തദ്ദേശസ്വയംഭരണസ്ഥാപനം** | മുനിസിപ്പാലിറ്റി |
| **വാർഡ്** | 20 |
| **സ്കൂൾ ഭരണ വിഭാഗം** | |
| **സ്കൂൾ ഭരണ വിഭാഗം** | എയ്ഡഡ് |
| **സ്കൂൾ വിഭാഗം** | പൊതുവിദ്യാലയം |
| **പഠന വിഭാഗങ്ങൾ** | യു.പി<br>ഹൈസ്കൂൾ |
| **സ്കൂൾ തലം** | 5 മുതൽ 10 വരെ |
| **മാദ്ധ്യമം** | മലയാളം, ഇംഗ്ലീഷ് |
| **സ്ഥിതിവിവരക്കണക്ക്** | |
| **ആൺകുട്ടികൾ** | 0 |
| **പെൺകുട്ടികൾ** | 1578 |
| **സ്കൂൾ നേതൃത്വം** | |
| **പ്രധാന അദ്ധ്യാപിക** | സിസ്റ്റർ ബിജി ജോസ് |
| **പി.ടി.എ. പ്രസിഡണ്ട്** | സിവിൻ വർഗ്ഗീസ് |
| **എം.പി.ടി.എ. പ്രസിഡണ്ട്** | സ്വപ്ന ടോജി |
| | |
| | |

# വിദ്യാലയ ഗീതം

ചെറുപുഷ്പം വിടരട്ടെ പുതുനാമ്പുകളുണരട്ടെ
വിജ്ഞാനം വളർന്നീടട്ടെ ഭൂമി തിളങ്ങട്ടെ
വിദ്യാദേവത വാഴുന്നിവിടെ
സമസ്ത സുന്ദരിയായ്
പുണ്യവതിയാം കൊച്ചുത്രേസ്യ തൻ
അനുഗ്രഹാശ്ശിസാൽ നാം വളർന്നിടട്ടെ
സുവർണ്ണ ശോഭ തിളങ്ങട്ടെ
സൂര്യകിരണം തൊട്ടുണർത്തും
പത്മദളങ്ങൾക്കുള്ളിൽ നിന്നാരു
വെള്ളരിപ്രാവായ് ഉയർന്നുപൊങ്ങി
ഒരു കൈത്തിരിനാളം കൊളുത്താം
വിദ്യതൻ വീണാനാദം പൊഴിക്കാം
അച്ഛനമ്മയും ഗുരുവും ദൈവവും
ഒന്നെന്ന സത്യത്തിലൊന്നായ്
ഒരു മനസ്സായ് ഒരു സ്വരമായ്
ഒന്നായ് വാഴുന്നു എന്നും
വിദ്യതൻ സ്വർഗ്ഗത്തിൽ ഞങ്ങൾ
പുതുലോക പ്രതീക്ഷകൾ ഞങ്ങൾ
വിദ്യയാർജ്ജിക്കുവാൻ വിജയം വരിച്ചിടാൻ
ജീവിത പാതയിൽ മുന്നേറുവാൻ
വഴി വിളക്കാകണെ ജഗത്പിതാവേ
അനുഗ്രഹമേകണേ ജഗത്പിതാവേ (2)

# ഉള്ളടക്കം


- ആമുഖം
- ചരിത്രം
    - ഇന്നലകളിലെ വിജയഗാഥ
    - കുട്ടികളുടെ പഠനനിലവാരം
    - ഭൗതീക അന്തരീക്ഷം
    - വിദ്യാലയം അടുത്തകാലത്തു കൈവരിച്ച നേട്ടങ്ങൾ
- കാഴ്ചപ്പാട്
- മോണിറ്ററിങ്
- പൊതുലക്ഷ്യങ്ങൾ
- സവിശേഷലക്ഷ്യങ്ങൾ
- അക്കാദമിക് പ്രവർത്തന കലണ്ടർ
    - ഹൈസ്കൂൾ വിഭാഗം
    - അപ്പർ പ്രൈമറി വിഭാഗം
- ദിനാചരണങ്ങൾ
    - ഭാഷ വിഭാഗം
    - ഗണിത ശാസ്ത്ര സാമൂഹ്യ വിഭാഗം
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ
- വിവിധ പദ്ധതികൾ
    - ഹ്രസ്വകാല പദ്ധതി
    - മധ്യകാല പദ്ധതി
    - ദീർഘകാല പദ്ധതി
    - നടപ്പാക്കാനുദ്ദേശിക്കുന്ന കൂടുതൽ പദ്ധതികൾ

- വിദ്യാലയ വിവരങ്ങൾ
    - വിദ്യാലയത്തിലെ ഭൗതീകാന്തരീക്ഷം
    - നിലവിലെ അവസ്ഥ
    - ഐ ടി സാമഗ്രികളുടെ അവസ്ഥ
    - വിദ്യാർത്ഥികളുടെ എണ്ണം
    - എല്ലാ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം
    - വിദ്യാലയത്തിൽ ചെയ്യുന്ന അധ്യാപകരുടെ എണ്ണം
- പിന്തുണ സംവിധാനങ്ങൾ
- മോണിറ്ററിങ്
- വഴികാട്ടി
- നന്ദി

# ആമുഖം

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയുടെ തിലകക്കുറിയായി അഭിമാന പൂരസരം ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് **ലിറ്റിൽ ഫ്ലവർ കോൺവെന്റ് സ്കൂൾ.** പുണ്യസ്മൃതികൾ പുളകം കൊള്ളുന്ന ലിറ്റിൽ ഫ്ലവർ കോൺവെൻറ് ഹൈസ്കൂൾ ദൈവസ്നേഹത്തിന്റെ ഗാഥകൾ പാടി നൂറ്റാണ്ടിൻെറ ചരിത്രവും വഹിച്ച് തലയെടുപ്പയോടെ നിൽക്കുകയാണ്. അനുഗ്രഹ റോസാപ്പൂക്കൾ ചുറ്റിലും വിതറി അരുമയോടെ നിൽക്കുന്ന വിശുദ്ധ കൊച്ചുത്രേസ്യയെ ചുറ്റിപ്പറ്റിയുള്ള ചരിത്രമാണ് ഇരിഞ്ഞാലക്കുട ലിറ്റിൽ ഫ്ളവറിന്റേതെന്ന് അഭിമാനത്തോടെ പറയട്ടെ. ചരിത്രം ഒരു താക്കോലാണ്..... ഉള്ളറകളിലേക്ക് കടക്കാനുള്ള താക്കോൽ ......... തിരിച്ചറിവിൻെറ അടരുകൾ ഓരോന്നോരോന്നായി കാണുമ്പോൾ ഇതൊരു ആത്മാഭിമാനത്തിന്റെ നിമിഷങ്ങൾ കൂടിയാണ് ! വിശുദ്ധ കൊച്ചുത്രേസ്യയുടെ മലർവാടിയിൽ വിദ്യ നുകരാൻ അണയുന്നവർക്ക് വിദ്യയും വിജ്ഞാനവും പകർന്ന് വിശുദ്ധരാക്കുന്ന സുതാര്യമായ ചരിത്രം! ചരിത്രത്തിന്റെ താളുകളിൽ ഇടംപിടിച്ച നിത്യ വിസ്മയങ്ങളെ നമുക്ക് നോക്കി കാണാം.

# ചരിത്രം

മികവിന്റെ തിരുമുറ്റത്ത് നിറച്ചാർത്തായ് വിടർന്നു നിൽക്കുകയാണ് ഇന്ന് ലിറ്റിൽ ഫ്ലവർ എന്ന ഈ വിദ്യാനികേതനം.വളർച്ചയുടെ പടവിൽ നിൽക്കുമ്പോൾ കൈപിടിച്ചു നടത്തിയവരെയും താങ്ങും തണലുമായി ഒപ്പം നിന്നവരെയും സ്മരിക്കാതെ വയ്യ. പിന്നിട്ട ഇന്നലെകളുടെ മിഴിവാർന്ന വർണ്ണഭംഗി കണ്ടറിഞ്ഞ് ദലമർമ്മരങ്ങൾക്ക് കാതോർത്ത് കൃതജ്ഞതാപൂർവ്വം ഒരു ജൈത്രയാത്ര നടത്തുക ചേതോഹരമായിരിക്കും.244 കുട്ടികളാണ് അന്ന് ഇവിടെ വിദ്യാഭ്യാസത്തിന് വന്നു ചേർന്നത്. സി.ക്രിസ്റ്റീന ആയിരുന്നു പ്രധാനാധ്യാപിക . അധ്യാപികയായി ഈ നാട്ടുകാരിയായ കാളിയങ്കര വള്ളിവട്ടത്തുകാരൻ വറീത് റോസയെ നിയമിച്ചു. 1933 ൽ 4-ാം ക്ലാസ്സ് പുതിയ ഡിവിഷനും, തുടർന്നുള്ള വർഷങ്ങളിൽ 5, 6, 7 ക്ലാസ്സുകളും ആരംഭിച്ചു.

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പരമായ ഉയർച്ചയും ,സ്വഭാവ രൂപവൽക്കരണവും ആത്മീയ ഉന്നമനവും ലക്ഷ്യമാക്കിയാണ് ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ വിദ്യാലയം ആരംഭിച്ചത്.നാനാജാതി മതസ്ഥരുടേയും ഇരിങ്ങാലക്കുടയിലെ നല്ലവരായ നാട്ടുകാരുടേയും കൂട്ടായ ശ്രമഫലമായി മഠം കപ്ലോനായിരുന്ന പറപ്പൂക്കര ചിറയത്ത് യോഹന്നാനച്ചനും ഇരിങ്ങാലക്കുട എം.എൽ.സി ആയിരുന്ന ശ്രീ.ജോർജ്ജ് പാനികുളവും,സെന്റ് തോമസ് കോളേജിലെ പ്രൊഫ. ശ്രീ. ജോസഫ് പെട്ട അവർകളും ചേർന്ന് അന്നത്തെ കൊച്ചി ദിവാനെ ചെന്ന് കണ്ട് അദ്ദേഹത്തിന്റെ അനുമതി പ്രകാരം 1944 ജൂൺ 7 ന് ഹൈസ്കൂളിന്

ആരംഭം കുറിച്ചു.ജൂൺ 21 ന് ദിവാൻജിയുടെ രേഖാമൂലമുള്ള കൽപ്പന കിട്ടി.1945 ജൂൺ 14 ന് പുതിയ സ്കൂൾ കെട്ടിടം മഠം കപ്ലോൻ ചിറമ്മേൽ ഗീവർഗ്ഗീസച്ചന്റെ നേതൃത്വത്തിൽ പണിഉയർന്നു.മഠത്തിന്റെ കിഴക്കു ഭാഗത്തുള്ള കെട്ടിടത്തിന്റെ പണിക്കാവശ്യമായ മരം കിട്ടേണ്ടതിന് സിസ്റ്റേഴ്സ് കൊച്ചി രാജാവായ രവി വർമ്മയെ നേരിട്ടു കാണുകയുണ്ടായി .അദ്ദേഹത്തിന്റെ കല്പന പ്രകാരം മരം അനുവദിച്ച ശേഷം 1946 ന്ഹൈസ്കൂൾ ക്ലാസ്സുകൾക്കായി പുതിയ ഒരു കെട്ടിടം പണിതു.ഡിവിഷനുകൾ കൂടിയതനുസരിച്ച് 1957,1959 എന്നീ വർഷങ്ങളിൽ പുതിയ കെട്ടിടങ്ങൾ പണിതു. 1961 ജൂണ് 5 ന് ഹൈസ്കൂൾ വിഭാഗവും,ലോവർ പ്രൈമറിയും വെവ്വേറെയായി പ്രവർത്തനം തുടങ്ങി.. അപ്പർ പ്രൈമറി , ഹൈസ്കൂൾ എന്നീ തലങ്ങൾ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനാണ് പ്രാധാന്യം നൽകിപ്പോരുന്നത്. "*ഞാൻ എന്റെ സമയം ഭൂമിയിൽ നന്മ ചെയ്യുന്നതിനായി വിനിയോഗിക്കുമെന്ന്* " പറഞ്ഞ വി. കൊച്ചുത്രേസ്യായുടെ നാമധേയത്തിൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ഏകദേശം 3000 – ത്തിൽ അധികം കുട്ടികൾ വർഷം തോറും വിദ്യ അഭ്യസിച്ചു വരുന്നു.1982 -ൽ അധ്യാപകർക്കുള്ള നാഷണൽ അവാർഡ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന സി.മേരി ജസ്റ്റിന് ലഭിച്ചു.ഡൽഹിയിൽ ഇന്ത്യൻ പ്രസിഡന്റ് ശ്രീ.സെയിൽ സിംഗിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. വിദ്യാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചപ്പോൾ സുഗമമായ പ്രവർത്തനം മുന്നിൽ കണ്ട് 1996 ഒക്ടോബർ 2 ന് പുതിയ 3 നില കെട്ടിടത്തിന് തറക്കല്ലിട്ടു. 1999-ൽ പണിപൂർത്തിയായ ആ കെട്ടിടമാണ് ഇന്ന് നമ്മൾ കാണുന്ന ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ. 2002-ൽ അൺ എയ്ഡഡ് +2 അനുവദിച്ചു . 2002-2003-ൽ +2 (സയൻസ് ) ആദ്യ ബാച്ച് ആരംഭിച്ചു. ഇന്ന് നേഴ്സറി

മുതൽ 10 വരെ ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവും പഠന സൗകര്യവുമായി ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ ഇരിങ്ങാലക്കുടയുടെ പ്രൗഢിയായി നിലകൊള്ളുന്നു.

*"അറിവും സ്വാതന്ത്ര്യവും"* എന്ന ആപ്തവാക്യത്തിലൂടെ കുട്ടികളെ നല്ല വ്യക്തിത്വത്തിന്റെ ഉടമകളാക്കി രൂപപ്പെടുത്തുന്നതിൽ ലിറ്റിൽ ഫ്ലവർ ഏറെ ശ്രദ്ധ ചെലുത്തുന്നതോടൊപ്പം, അർപ്പണബോധമുള്ള നേതൃത്വനിരയും നിസ്വാർത്ഥസഹകരണം കാഴ്ച വയ്ക്കുന്ന അധ്യാപകരും , ഗുരു ഭക്തിയുള്ള ശിഷ്യഗണവും , സർവ്വോപരി എല്ലാവരേയും കൈപിടിച്ച് നടത്തുന്ന വി. കൊച്ചുത്രേസ്യായുടെ അനുഗ്രഹപുഷ്പങ്ങളും , സർവ്വേശ്വരന്റെ കൃപാകടാക്ഷവും എൽ.എഫിനെ ഉയരങ്ങളിലേക്ക് നയിച്ചു കൊണ്ടിരിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ ഏറ്റവും അധികം കുട്ടികളെ പരീക്ഷയ്ക്കിരുത്തി വിജയിപ്പിച്ചതിനുള്ള 1981, 90, 93, 99 എന്നീ വർഷങ്ങളിൽ നിരവധി പുരസ്കാരങ്ങൾ എൽ.എഫിനെ തേടിയെത്തി. 100 % വിജയം , റാങ്കുകളുടെ തിളക്കം, ഉന്നത ഗ്രേഡുകൾ ഇവയെല്ലാം എൽ. എഫിന്റെ മാറ്റ് പതിന്മടങ്ങ് വർധിപ്പിച്ചവയാണ്.1982 ൽ അധ്യാപകർക്കുള്ള നാഷ്ണൽ അവാർഡ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന സി. മേരി ജസ്റ്റിന് ലഭിച്ചു എന്നുള്ളത് എൽ.എഫിന്റെ ചരിത്രത്തിൽ എടുത്ത് പറയേണ്ട ഒന്നാണ്. ഗണിത,ശാസ്ത്ര,സാമൂഹ്യ,പ്രവൃത്തിപരിചയമേള കൂടാതെ ഗൈഡിങ്ങ് , ബാന്റ്സെറ്റ് എന്നിവയും മനോഹരമായി പ്രവർത്തിക്കുന്നു. പാഠ്യ അറിവുകൾക്കുപരി ജീവിതത്തിലുടനീളം വച്ചു പുലർത്തേണ്ട മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസവും , സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു വരും തലമുറയെ വാർത്തെടുക്കാൻ കെൽപ്പുള്ളതുമായ വിദ്യഭ്യാസ സമ്പ്രദായമാണ് എൽ.എഫിൽ നിലനിൽക്കുന്നത്.2011

മുതൽ ഓരോ ക്ലാസ്സ് മുറികളും ഡിജിറ്റൽ ക്ലാസ്സുകളായി രൂപീകരിക്കുകയുണ്ടായി. ഗൈഡിങ്ങ് കൂടാതെ ലിറ്റിൽ കൈറ്റ്സ് ,2019 മുതൽ ജൂനിയർ റെഡ് ക്രോസ് സംഘടന എന്നിവയും എൽ.എഫിൽ പ്രവർത്തന സജ്ജമാണ്. 2020 ൽ കോവിഡ് മഹാമാരി ലോകത്തെ മുഴുവൻ തളച്ചിട്ടപ്പോൾ പോലും ഓൺലൈനിലൂടെ വളരെ മികവുറ്റ രീതിയിൽ ക്ലാസ്സുകൾ തുടർന്നു എന്നുള്ളത് തികച്ചും അഭിനന്ദനാർഹമാണ്. ഇതിനോടൊപ്പം തന്നെ ചരിത്ര വിജയം കാഴ്ചവെച്ചുകൊണ്ട് 206 ഫുൾ A+ ഓടുകൂടി 2020-21 എസ്.എസ്.എൽ.സി ബാച്ച് നമ്മുടെ വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തി. 2021-22 എസ്.എസ്.എൽ.സി ബാച്ച് 100 ഫുൾ A+ ഉം 33 9 A+ നേടുകയും ഇരിങ്ങാലക്കുട റവന്യൂ ഡിസ്ട്രിക്റ്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

ഈ ഹൈടെക് യുഗത്തിൽ മൾട്ടി മീഡിയയിലൂടെ നൂതന അറിവുകൾ ലഭ്യമാക്കുന്നതിനു വേണ്ടി എഡ്യൂ കോമിന്റെ സ്മാർട്ട് ക്ലാസ്സ് റൂം 2011 മുതൽ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസം കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവും ആക്കാൻ ഇതിലൂടെ സാധിക്കുന്നു. ഗൈഡിങ്ങ് കൂടാതെ 2018-ൽ ലിറ്റിൽ കൈറ്റ്സ് ,2019 മുതൽ ജൂനിയർ റെഡ് ക്രോസ് സംഘടന എന്നിവയും എൽ.എഫിൽ പ്രവർത്തന സജ്ജമാണ്. 2020 ൽ കോവിഡ് മഹാമാരി ലോകത്തെ മുഴുവൻ തളച്ചിട്ടപ്പോൾ പോലും ഓൺലൈനിലൂടെ വളരെ മികവുറ്റ രീതിയിൽ ക്ലാസ്സുകൾ തുടർന്നു എന്നുള്ളത് തികച്ചും അഭിനന്ദനാർഹമാണ്. ഇതിനോടൊപ്പം തന്നെ ചരിത്ര വിജയം കാഴ്ചവെച്ചുകൊണ്ട് 206 ഫുൾ A+ ഓടുകൂടി 2020-21 എസ്.എസ്.എൽ.സി ബാച്ച് നമ്മുടെ വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തി .2021-22 എസ്.എസ്.എൽ.സി ബാച്ച് , വിദ്യാലയം 100 -ാം വർഷം ആഘോഷിക്കുന്ന

വേളയിൽ 100% വിജയത്തോടും 100 ഫുൾ എ പ്ലസ്സുകളോടും കൂടി വിദ്യാലയത്തെ നൂറിന്റെ നിറവിൽ എത്തിച്ചു.

എൽ.എഫിന്റെ എല്ലാ പ്രവർത്തനങ്ങളുടേയും പിന്നിൽ അഭ്യുദയകാംക്ഷികളുടേയും , പി.ടി.എ .യുടേയും ശക്തമായ പിന്തുണ എന്നും ലഭിക്കുന്നുണ്ട്. ചരിത്രത്തിന്റെ ഏടുകളിലേക്ക് നോക്കുമ്പോൾ ദൈവം കനിഞ്ഞു നൽകിയ വരദാനങ്ങളുടെ വിസ്മയക്കാഴ്ച്ചകൾക്കുമുമ്പിൽ എൽ.എഫ് നമ്രശിരസ്കയായ് നിൽക്കുന്നു.

## ഇന്നലകളിലെ വിജയഗാഥ

ഇരിഞ്ഞാലക്കുട ലിറ്റിൽ ഫ്ലവർ കോൺവെന്റ് ഹൈസ്കൂൾ 82 വർഷത്തെ പഴമയുടെ തിളക്കത്തോടെ ഇരിഞ്ഞാലക്കുടയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു. മികവാർന്ന പ്രവർത്തനങ്ങളിലൂടെ വളർച്ചയുടെ പടവുകൾ പിന്നിടുമ്പോൾ പറയാനും എഴുതിച്ചേർക്കാനും ഒരുപാട് ചരിത്രമുണ്ട്. 1977 ൽ വിദ്യാഭ്യാസ വകുപ്പിന്റെ Best School Award എൽ എഫ് സ്കൂളിന് ലഭിച്ചത് ചരിത്ര വിജയമായിരുന്നു. 1982 ൽ അധ്യാപകർക്കുള്ള നാഷണൽ അവാർഡ് അന്നത്തെ പ്രധാന അധ്യാപികയായിരുന്ന സിസ്റ്റർ മേരി ജസ്റ്റിന് ലഭിച്ചു.

ഡൽഹിയിൽ ഇന്ത്യൻ പ്രസിഡണ്ട് ശ്രീ.സെയിൽ സിംഗിൽ നിന്നും സിസ്റ്റർ മേരി ജസ്റ്റിൽ അവാർഡ് ഏറ്റുവാങ്ങി. 1985 - 86 അധ്യയന വർഷത്തിലെ ഏറ്റവും മികച്ച സംസ്കൃത ഭാഷാ അധ്യാപകർക്കുള്ള പ്രഥമ അവാർഡ് ഈ വിദ്യാലയത്തിലെ ശ്രീമതി ഇന്ദിരാദേവി ടീച്ചർക്ക് ലഭിക്കുകയുണ്ടായി.1988 - 89

ൽ എട്ടാം ക്ലാസ് വിദ്യാർത്ഥിനി കവിത ബാലകൃഷ്ണന് Indo Soviet സംഘടനയുടെ ചിത്രരചന മത്സരത്തിൽ ഏറ്റവും മികച്ച ചിത്രത്തിനുള്ള നെഹ്റു അവാർഡ് ലഭിച്ചു.

2004 - 2005 അധ്യയനവർഷത്തിൽ തൃശ്ശൂർ ജില്ലയിലെ Best PTA ആയി L.F PTA തിരഞ്ഞെടുക്കപ്പെട്ടു. ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയുടെ 2011-2012 വർഷത്തിലെ പ്രഥമ ആചാര്യശ്രേഷ്ഠ അവാർഡിന് സിസ്റ്റർ ഫ്ലോറൻസ് അർഹയായി. 2018 - 19 അധ്യയന വർഷത്തിൽ ഓഫീസ് സ്റ്റാഫ് ശ്രീമതി. ജോയ്സി " സേവനമിത്ര " അവാർഡിന് അർഹയായി.

2010-ൽ കേരള പുരാവസ്തു ചരിത്രസമസ്യ ഏർപ്പെടുത്തിയ ക്വിസ് മത്സരത്തിൽ നൂറിൻ റിയ & കൃഷ്ണ എൻ. വി എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി , 25000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും കൊച്ചി മഹാരാജാസ് കോളേജിൽ വെച്ച് നടൻ ശ്രീ. ഭരത് മമ്മൂട്ടിയിൽ നിന്നും ഏറ്റുവാങ്ങി.

2018 ൽ കേരളത്തെ നടുക്കിയ പ്രളയം നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ കുടുംബങ്ങളെയും സാരമായി ബാധിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും പല വീടുകളും പുതുക്കിപ്പണിയാനും, അറ്റകുറ്റപ്പണികൾ ചെയ്യാനും ,കുട്ടികൾക്ക് യൂണിഫോം, ബാഗ്, പഠനോപകരണങ്ങൾ, ഭക്ഷണക്കിറ്റുകൾ തുടങ്ങിയവ നൽകാനും വിദ്യാലയം ശ്രദ്ധിച്ചിരുന്നു.

കൊറോണ കാലഘട്ടത്തിൽ കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി Tab, Mobile Phone, TV, Laptop എന്നിവ സ്കൂൾ അധികൃതരിൽ നിന്നും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും Sponsor ചെയ്തുകൊണ്ട് വിദ്യാർത്ഥികൾക്ക് നൽകിയും കുട്ടികളുടെ പഠന

കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു. ലിറ്റിൽഫ്ലവർ സ്കൂളിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു വേണ്ടി അർപ്പണബോധത്തോടും ആത്മാർത്ഥതയോടും കൂടെ ഈ വിദ്യാക്ഷേത്രത്തെ മുന്നോട്ടുകൊണ്ടുപോകാൻ നാളിതുവരെയുള്ള ഭരണസാരഥികൾ വഹിച്ച പങ്ക് നിസ്തുലമാണ്. എല്ലാ ഹെഡ്മിസ്ട്രസ്സ്മാരും, അധ്യാപകരും, കരുത്തായി ഒപ്പം നിന്ന് പ്രവർത്തിക്കുന്ന PTA, പൊതുപ്രവർത്തകർ, എന്നിവരുടെ സേവനങ്ങൾ എടുത്തു പറയേണ്ടതാണ്.

ഈ ഹൈടെക് യുഗത്തിൽ മൾട്ടിമീഡിയയിലൂടെ നൂതന അറിവുകൾ ലഭ്യമാക്കുന്നതിനുവേണ്ടി 2011 മുതൽ Educomp ന്റെ സ്മാർട്ട് ക്ലാസ്സ് റൂം ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. 2017 ൽ എം എൽ എ ഫണ്ട് ഉപയോഗിച്ച് നാല് ക്ലാസ് റൂമുകൾ കൂടി സ്മാർട്ട് ക്ലാസ്സ് റൂം ആക്കാൻ സാധിച്ചു എന്നതും എടുത്തു പറയേണ്ട ഒന്നാണ്. ആധുനിക സാങ്കേതികവിദ്യയിലൂടെ വിദ്യാഭ്യാസം കൂടുതൽ ആകർഷകവും വിജ്ഞാനപ്രദവും ആക്കാൻ ഇതിലൂടെ സാധിക്കുന്നു. 2022 ൽ റോട്ടറി ക്ലബ് ഏർപ്പെടുത്തിയ Best Headmistress Award -ന് Sr. Mable അർഹയായി.

2022-2023 വർഷം 291 കുട്ടികൾ എസ് എസ് എൽ സി പരീക്ഷ എഴുതുകയും 100 % വിജയം കരസ്ഥമാക്കുകയും ചെയ്തു 100 ഫുൾ A+ ഉം , 33 ഒമ്പതു A+ ഉം ആണ് ആ വർഷം നേടിയത്.

2023-2024 വർഷം 282 കുട്ടികൾ എസ് എസ് എൽ സി പരീക്ഷ എഴുതുകയും 100 % വിജയം കരസ്ഥമാക്കുകയും ചെയ്തു 86 ഫുൾ A+ ഉം , 24 ഒമ്പതു A+ ഉം ആണ് ആ വർഷം നേടിയത്.

2024-2025 വർഷം 285 കുട്ടികൾ എസ്എസ്എൽസി പരീക്ഷ എഴുതുകയും എഴുതിയ മുഴുവൻ കുട്ടികളും പാസായി 100% വിജയം കരസ്ഥമാക്കുകയും ചെയ്തു 100 ഫുൾ A+ ഉം 22 കുട്ടികൾ 9 A+ ഉം ഈ വർഷംകരസ്ഥമാക്കി. 2024-2025 വർഷത്തെ ദീപികയുടെ രത്നാകര അവാർഡിന് ആ വർഷത്തെ എൽ എഫ് സി എച്ച് എസ് എസ് സ്കൂളിലെ പ്രധാന അധ്യാപികയായ സിസ്റ്റർ നവീന സിഎംസി അർഹയായി.

2025 വർഷത്തെ പ്രധാന അധ്യാപികയായി സിസ്റ്റർ സുധീപ സിഎംസി ചാർജെടുത്തു.

## കുട്ടികളിലെ പഠനനിലവാരം

ജൂൺ ആദ്യവാരത്തിൽ തന്നെ വായന,കേട്ടെഴുത്ത്, അക്ഷരത്തെറ്റില്ലാതെ എഴുതുവാനുള്ള പരിശീലനം, ചതുഷ്ക്രിയകൾ അഭ്യസിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ നിലവാരം അറിയുന്നതിനും ഉറപ്പിക്കേണ്ട മേഖലകൾ കണ്ടെത്തുവാനും പരിശ്രമിക്കുന്നു.

അധ്യാപകരുടെ പ്രത്യേക പരിഗണന ആവശ്യമുള്ള CWSN കുട്ടികൾക്ക് പരിശീലനം നൽകുന്നു. Class PTA, MPTA, എന്നിവയിലൂടെ രക്ഷിതാക്കൾക്ക് നൽകുന്ന ബോധവത്കരണം, വിദ്യാർത്ഥികൾക്ക് നൽകുന്ന മോട്ടിവേഷൻ ക്ലാസ് , Portfolio വിലയിരുത്തൽ , നിരന്തര മൂല്യനിർണയം, ക്ലബ് പ്രവർത്തനങ്ങൾ, ക്വിസ് പ്രോഗ്രാമുകൾ ദിനാചരണങ്ങൾ, സാമൂഹ്യ ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ, കലാമേള, പഠനയാത്ര, സഹവാസ ക്യാമ്പുകൾ, ഡി.

സി.എൽ, കിന്നരി സ്കോളർഷിപ്പ് പരീക്ഷകൾ, യു എസ് എസ് , എൽ എസ് എസ് ,വിദഗ്ധരുടെ ക്ലാസുകൾ, ക്ലാസ് പത്രങ്ങൾ, ഇത്തരം പ്രവർത്തനങ്ങൾ പഠന നിലവാരത്തെ വലിയ പുരോഗതിയിലേക്ക് നയിച്ചിട്ടുണ്ട്.

## ഭൗതീക അന്തരീക്ഷം

വിശാലമായ ലൈബ്രറി , PTA Hall, സയൻസ് ലാബ്, Audio Visual room, Talent room, Councelling room, Guiding room, cloth room, നവീകരിച്ച IT Lab, Subject vice പഠനോപകരണങ്ങൾ, വിശാലമായ നോട്ടീസ് ബോർഡ്, Tile വിരിച്ച മുറ്റം, മനോഹരമായ പൂന്തോട്ടം, കിളിക്കൂട് , പച്ചക്കറിതോട്ടം, അടുക്കളത്തോട്ടം, ഔഷധത്തോട്ടം, ഫലവൃക്ഷത്തോപ്പ്, ജൈവവൈവിധ്യ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ ,പൊതുയോഗങ്ങൾ നടത്തുന്ന രണ്ട് ഹാളുകൾ, വിശാലമായ സ്റ്റാഫ് റൂം, കൂടാതെ ഹെൽത്ത് കോർണർ, റീഡിങ് കോർണർ , ഓപ്പൺ ലൈബ്രറി, ഗ്രീൻ ബോർഡ്, Work experience room, Sanskrit room, Basket ball court, Leisure Tower, Solar Panel എന്നിവയൊക്കെയാണ് L.F ഹൈസ്കൂളിന് അഭിമാനിക്കാനുള്ളത്.

,

കൂടാതെ ഓരോ ക്ലാസ് മുറികളിലും രണ്ടു Fan വീതം ഒരുക്കിയിട്ടുണ്ട് . മൂന്നു നിലകളിലായി കുട്ടികൾക്കും അധ്യാപകർക്കും ആവശ്യമായിട്ടുള്ള ടോയ്‌ലറ്റ് സജ്ജീകരണം ക്രമീകരിച്ചിട്ടുണ്ട്. സ്കൂളിലേക്ക്

വരുമ്പോഴും പോകുമ്പോഴും കുട്ടികളെ നിയന്ത്രിക്കുന്നതിനായി ഇരു ഗേറ്റുകളിലും gate Keeper ന്റെ സേവനം നമുക്ക് ലഭ്യമാണ്.

അധ്യാപകർക്ക് ക്ലസ്റ്റർ തലത്തിൽ ലഭിച്ച ട്രെയിനിങ് ഉപകാരപ്രദമാകുന്നുണ്ട്. English Training Programme Empowerment Seminar, Course, Activities എന്നിവ Management, അധ്യാപകരുടെ ശാക്തീകരണത്തിനായി നൽകുന്നു. രക്ഷിതാക്കൾ എല്ലാകാര്യങ്ങളിലും ശക്തമായ പിന്തുണ നൽകുന്നുണ്ട്. ക്രിയാത്മകമായി പരിപാടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന്

സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

**വിദ്യാലയം സ്ഥാപിച്ച വർഷം** - 1944

**അന്നത്തെ വിദ്യാഭ്യാസ ലക്ഷ്യം :-**

- സ്ത്രീകളുടെയും പെൺകുട്ടികളുടെയും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെയുള്ള സമുദ്ധാരണം.
- സാമൂഹികമായ പിന്നോക്കാവസ്ഥ തരണം ചെയ്യൽ
- ഈശ്വര വിശ്വാസവും ലക്ഷ്യബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ തക്കവിധം മനുഷ്യ വ്യക്തിത്വത്തിന് സമഗ്ര രൂപീകരണം സാധിതമാക്കുക, പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുക, ഏവർക്കും വിശ്വാസം ലഭ്യമാക്കുക.

# വിദ്യാലയം അടുത്തകാലത്ത് കൈവരിച്ച നേട്ടങ്ങൾ

Science Maths, Social Science, work experience, Sports, Art തുടങ്ങിയ മത്സരങ്ങളിൽ എൽ എഫ് വിദ്യാലയം എല്ലാവർഷവും ഉയർന്ന നിലവാരം പുലർത്തുന്നു.

IT, Science, Maths, Social science എന്നിവയിൽ എല്ലാ വർഷവും ഉപജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള പുരസ്കാരം കരസ്ഥമാക്കി വരുന്നു ,

ഗൈഡിങ് കമ്പനികളുടെ എണ്ണം ഉയർത്തി, വർഷംതോറും രാഷ്ട്രപതി ഗൈഡ്സായി ഉയരാൻ ഗൈഡ്സിനെ പ്രാപ്തരാക്കുന്നു. വിവിധ സംഘടനകൾ സംഘടിപ്പിക്കുന്ന ഉപന്യാസം, ക്വിസ്, സർഗാത്മക രചന, തുടങ്ങിയ മത്സരങ്ങളിൽ ഉയർന്ന നിലവാരം പുലർത്തി എൽ എഫ് വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാൻ കുട്ടികൾ എന്നും മുൻപന്തിയിലാണ്.

# കാഴ്ചപ്പാട്

ഞങ്ങളുടെ വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ മനസ്സിലാക്കുകയും വിദ്യാലയത്തിലെ സമഗ്ര വികസന പദ്ധതിയുടെ ആവശ്യം അവതരിപ്പിക്കുകയും ചെയ്യുന്നതോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയ പ്രവർത്തനങ്ങളിലേക്ക് വിദ്യാലയത്തെ നയിക്കുകയാണിവിടെ. നൂറ്റാണ്ടുകൾക്കും അമ്പതു വർഷം മുമ്പ് ഇന്ത്യയുടെ കൊളോണിസം ഭരണകൂടം അധ്യാപകരെ അശക്തിയിലേക്കും ജഡത്വത്തിലേക്കും തള്ളി വിട്ടു. ഇതിനിടയ്ക്ക് സ്കൂൾ സമ്പ്രദായം വ്യാപിച്ചത് വിദ്യാഭ്യാസത്തെ രാജ്യത്തിന്റെ എല്ലാ മൂലയിലേക്ക് എത്തിച്ചു.

കുട്ടികളിൽ താല്പര്യം ഉണർത്തുന്ന പുൽക്കൊടി മുതൽ താരകം വരെയുള്ള നൂറു കാര്യങ്ങൾ വരെ ഉള്ളതാണ് ഇന്ന് നമ്മുടെ രാജ്യത്തിന്റെ വിദ്യാഭ്യാസ സംസ്കാരം. പാഠപുസ്തകത്തിൽ നിന്ന് പഠിപ്പിക്കുകയും കുട്ടികളെ പരീക്ഷക്ക് തയ്യാറാക്കുകയും ചെയ്യുന്നതാണ് അധ്യാപകരുടെ ജോലി എന്ന ധാരണയിൽ നിന്നും ഓരോ വിദ്യാർത്ഥിയിലും ജിജ്ഞാസ വളർത്തുന്ന പഠന പ്രവർത്തനങ്ങൾ ഒരുക്കുന്ന ഒരു വിദ്യാഭ്യാസ സമൂഹം ഇതിലൂടെ കേരളത്തിൽ പിറവിയെടുക്കുകയാണ്. ക്രിയാത്മക പ്രവർത്തനങ്ങളും ഉന്നത മൂല്യങ്ങളും ഉൾക്കൊള്ളുന്ന ഒരു പുതിയ തലമുറ ഇവിടെ ഉടലെടുക്കുകയാണ്. യാഥാർത്ഥ്യബോധവും സർഗാത്മകതയും ആത്മാർത്ഥതയുമുള്ള ഒരു അധ്യാപക വിദ്യാർത്ഥി സമൂഹത്തിന് ഇത്തരം അക്കാദമിക് പ്രവർത്തനങ്ങൾക്ക് ജീവൻ നൽകാൻ കഴിയും.

# മോണിറ്ററിങ്

ഓരോ വിദ്യാർത്ഥിയുടെയും പ്രതിഭ തിരിച്ചറിയാൻ അവരുടെ കഴിവുകൾ കണ്ടെത്തി അത് വികസിപ്പിച്ചെടുക്കുവാൻ നല്ല മോണിറ്ററിംഗ് സംവിധാനത്തിലൂടെ സാധിക്കുന്നു.

- പ്രധാന അധ്യാപികയുടെ ക്ലാസ് റൂം നിരീക്ഷണം
- മാനേജ്മെന്റിന്റെ വിലയിരുത്തൽ
- സഹപ്രവർത്തകരുടെ ക്ലാസ് റൂം നിരീക്ഷണം
- സ്ഥിര കൗൺസിലിംഗ് സംവിധാനം
- കുടുംബ സന്ദർശനം
- .ക്ലബ്ബ് അംഗത്വ പരിപാടികൾ
- സൗഹൃദ ഗ്രൂപ്പുകൾ
- ഡയറി സിസ്റ്റം
- ക്ലാസ് റൂം ഒബ്സർവേഷൻ ഗ്രൂപ്പ്

# പൊതുലക്ഷ്യങ്ങൾ

കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക് പ്രവർത്തനങ്ങളിൽ മികച്ച വിദ്യാലയമായി നിലകൊള്ളുക.

- അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി നവീന രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
- ഭാഷാധ്യാപനത്തിന് ഊന്നൽ നൽകുക
- ശാസ്ത്ര -ഗണിത-സാമൂഹിക ഐടി മേഖലകളിൽ മുന്നിട്ടു നിൽക്കുന്ന വിദ്യാലയമായി മാറുക
- വിദ്യാലയത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠനവും ജീവിതവും സുഗമമാക്കുക
- മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക
- കേരളത്തിലെ മാതൃകാ വിദ്യാലയം ആക്കുക
- വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സമൂഹത്തെയും സുസ്ഥിരവികസനത്തിന് അടിസ്ഥാനമായി പ്രവർത്തിക്കുക

# സവിശേഷ ലക്ഷ്യങ്ങൾ

- Ride to Read കാംപയിൻ വഴി വായനയെ പ്രോത്സാഹിപ്പിക്കുക
- ശില്പശാലകൾ - വിദ്യാർത്ഥികളുടെ സർഗാത്മക വികസനം
- സ്കോളർഷിപ്പ് പ്രത്യേക പരിശീലനം - ആത്മവിശ്വാസത്തോടെ മത്സര പരീക്ഷകളെ നേരിടുക
- ഡിജിറ്റൽ വാർത്ത ബോർഡ് - സാങ്കേതിക വിജ്ഞാനം പ്രോത്സാഹിപ്പിക്കുക
- റീഡേഴ്സ് ഫോറം - പുസ്തകങ്ങളും എഴുത്തുകാരും കൃതികളുമായി ബന്ധിപ്പിക്കുക
- ഓപ്പൺ ലൈബ്രറി - പരന്ന വായനയ്ക്ക് അവസരം ഒരുക്കുക
- ഡിജിറ്റൽ ഭാഷ മാഗസിൻ
- കാലിക പ്രാധാന്യമുള്ള ഷോർട്ട് ഫിലിംസ് തയ്യാറാക്കുക
- ഗാന്ധിദർശൻ - ജീവിത ദർശന രേഖ ഉണ്ടാക്കിയെടുക്കുക
- കൗൺസിലിങ് എന്ന സ്ഥിരം സംവിധാനം കൊണ്ട് മാനസിക സന്തുലനം നേടുക
- ഇൻഷുറൻസ് - പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്ക് പഠനസഹായം ഉറപ്പുവരുത്തുക
- മൾട്ടിമീഡിയ
- ഓൺലൈൻ സൗകര്യത്തോടുകൂടിയ ഭാഷാ ലാബ്
- ഓരോ ടേമിലും അധ്യാപകരുടെ സഹായത്തോടെ തയ്യാറാക്കുന്ന ഭാഷാപത്രങ്ങൾ

- ഭാഷാ വിദഗ്ധരുമായി അഭിമുഖം
- പ്രാദേശിക ഭാഷാ നിഘണ്ടു
- ഭാഷയുടെ റിസർച്ച് സെൻറർ
- വിവിധ ഭാഷയുടെ വിവർത്തന വിഭാഗത്തിന് കീഴിൽ കൃതികളുടെ മൊഴിമാറ്റം - ദീർഘകാല പദ്ധതി
- വിദ്യാലയ റേഡിയോയുടെ സഹായത്തോടെ ഭാഷയെ പരിപോഷിപ്പിക്കുക
- പാഠഭാഗങ്ങളെ ക്രിയാത്മകമായ കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുകയും അവ വീഡിയോയിലൂടെ യൂട്യൂബിലേക്കും മറ്റു വിദ്യാലയ സൈറ്റുകളിലേക്കും ലിങ്ക് ചെയ്യിക്കുക.
- പരീക്ഷ നാളുകളിൽ ഡിജിറ്റൽ റിവിഷൻ സംവിധാനം ഏർപ്പെടുത്തുക
- ഗവേഷണത്തിനായി ഗവേഷണ വിഭാഗം
- സയൻസിനായി പ്രത്യേക പിരീഡുകൾ
- ഓൺലൈൻ ടെസ്റ്റ് പേപ്പർ
- ഫീൽഡ് ട്രിപ്പുകളും വർക്ക് ഷോപ്പുകളും
- സയൻസ് നാടക ഫെസ്റ്റ്
- വിദ്യാലയതലത്തിൽ ശാസ്ത്രമേളകൾ
- നവശാസ്ത്ര പ്രതിഭകളുമായി അഭിമുഖം
- കുട്ടികളുടെ കണ്ടെത്തലുകളെ പ്രോത്സാഹിപ്പിച്ച് അവരുടെ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ അവസരം
- ഡിജിറ്റൽ സയൻസ് മാഗസിനുകൾ

- ശാസ്ത്ര ക്വിസ്, വിദ്യാർത്ഥികൾക്ക് സയൻസ്, പവർ പോയിന്റ് പ്രസന്റേഷൻ മത്സരം
- ഐ.സി.ടി സാധ്യതകളെ ഉപയോഗപ്പെടുത്തുക
- ചരിത്ര സംഭവങ്ങളുടെ അവതരണം
- വിദ്യാർത്ഥികൾ സ്വന്തമായി തയ്യാറാക്കുന്ന അറ്റ്ലസുകൾ
- ചരിത്ര പ്രധാന സ്ഥലങ്ങളിലേക്ക് പഠനയാത്ര
- ചരിത്ര പുരുഷന്മാരുടെ ജീവിതം ആസ്പദമാക്കി അധ്യാപകരും കുട്ടികളും തയ്യാറാക്കുന്ന ഡോക്യുമെന്ററികൾ
- സാമൂഹ്യ പഠന ക്ലാസ്സുകളുടെ വീഡിയോ വിദ്യാർത്ഥികളിലേക്ക് എത്തിക്കുക
- സ്വന്തമായി മേപ്പ്, ഭൂപടനിർമ്മാണം

# അക്കാദമിക് പ്രവർത്തന കലണ്ടർ

## ഹൈസ്കൂൾ വിഭാഗം

**മലയാളം**

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തൽ | പ്രീ ടെസ്റ്റ് നടത്തി അവരെ കണ്ടെത്തുന്നു അവർക്കായി കൈപ്പുസ്തകം നൽകുന്നു , അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കാനുള്ള പഠന തന്ത്രങ്ങൾ ഒരുക്കുന്നു | 6 മാസം | മലയാളംഅധ്യാപകർ | 1500 |
| 2 | ഭാഷാപരമായും ആശയപരമായും മികച്ച സാഹിത്യ രചനകൾക്ക് കുട്ടികൾക്ക് | പുതിയസാഹി ത്യ കൃതികൾ വായിക്കാനും, | ഒരു വർഷം | മലയാളം അധ്യാപകർ | 2500 |

| | | | | | |
|---|---|---|---|---|---|
| 3. | അവസരം നൽകുന്നു | ചർച്ച ചെയ്യുന്നതിനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്ന- തിനും Open Library യിലൂടെയും സാഹചര്യം ഒരുക്കുന്നു..മികച്ച രചനകൾക്ക് സമ്മാനം നൽകുന്നു . | ഒരു വർഷം | മലയാളം അധ്യാപകർ | 3000 |
| 4. | കുട്ടികളുടെ സർഗശേഷിയും സാഹിത്യ ഭാഷാ കഴിവുകളുടെയും പ്രകടനം കാഴ്ച വയ്ക്കാനും രചനകൾ പ്രസിദ്ധീകരിക്കുന്നതിനും പ്രോത്സാഹനം നൽകുന്നു | മികവാർന്ന രീതിയിൽ എഴുതപ്പെട്ട സാഹിത്യരചനകളുടെ പ്രസിദ്ധീകരണം,പ്രദർശനം എന്നിവയ്ക്ക് അവസരം നൽകുന്നു , സമ്മാനം നൽകുന്നു. | 6 മാസം | | 2000 |

| | | | | | |
|---|---|---|---|---|---|
| 5 | മികച്ച സാഹിത്യകാരികൾ ആകാനുള്ള അവസരം ഒരുക്കികൊടുക്കുന്ന ദിനാചരണവുമായി ബന്ധപ്പെട്ട വായന,എഴുത്ത്എന്നിവയുള്ള സാധ്യത കണ്ടെത്തി വികസിപ്പിക്കുന്ന<br><br>വിവിധ തലങ്ങളിലെ സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | ഇതിനായി വിദ്യാരംഗം സാഹിത്യ വേദി യുടെ ആഭിമുഖ്യത്തിൽ സർഗസന്ധ്യ ഒരുക്കുന്ന<br><br>സാഹിത്യ സെമിനാറുകൾ സംഘടിപ്പിക്കുന്ന .പ്രാദേശിക ലൈബ്രറിയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന<br><br>മികച്ച | ഒരു വർഷം | മലയാളം അധ്യാപകർ<br><br>മലയാളംഅധ്യാപകർ | 1500 |

| | | | | | |
|---|---|---|---|---|---|
| | ഒരുക്കൽ .ദി നാചരണവുമ ായി ബന്ധപ്പെട്ട വായന,എഴ ത്ത് എന്നിവയ്ക്കു ള്ള സാധ്യത കണ്ടെത്തി വികസിപ്പി ക്കുന്ന | മലയാള സാഹിത്യക ാരന്മാരെ നേരിൽ കണ്ട് സംവദിക്കാ നും ആശയങ്ങൾ ഉൾക്കൊള്ള ാനും അവസരം നൽകുന്നു | | | |

## സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയ ളവ് | നടത്തിപ്പ് ചുമതല | സാമ്പത്തി കം |
|---|---|---|---|---|---|
| 1 | (1)ഭാഷാ പ്രയോഗത്തിലു ള്ള കഴിവ് കുറവ് | *(1)*മുൻകാലങ്ങളിൽ നേടിയെടുക്കേണ്ട അറിവിൽ പലതും എത്തിചേർന്നീട്ടില്ല .അ തുകൊണ്ട് സംസ്കൃത രചനകൾ വായിക്കാനും ,കുറിപ്പ്എഴുതാനും അവസരം നൽകുന്ന സംസ്കൃതോത്സവത്തോടും സംസ്കൃത | ഒരു വർഷം | സംസ്കൃതം അദ്ധ്യാപി ക | 1500 |

| | | | | | |
|---|---|---|---|---|---|
| 2 | (2)വിഭക്തി<br>ല<br>കാര<br>ജ്ഞാനത്തി<br>ന്റെ കുറവ് | ദിനാചരണത്തോടുമനു<br>ബന്ധിച്ചു സംസ്കൃത<br>ക്ലബ്ബിന്റെ നേതൃത്വത്തിൽ<br>രചനാ മത്സരങ്ങൾ<br>സംഭാഷണ മത്സരങ്ങൾ<br>നാടകാഭിനയം എന്നിവ<br>നടത്തുന്നു സ്മാർട്ട് ക്ലാസ്<br>വഴി ക്ലാസ് എടുക്കുന്നു<br><br>*(2)*ല കാര ങ്ങളുടെ<br>അറിവിനായി<br>കുറെ തർജ്ജമകൾ<br>നൽകുന്നു<br>മലയാളത്തിലെ<br>വാചകങ്ങളും<br>ഖണ്ഡികകളും<br>സംസ്കൃതത്തിലേക്ക്<br>തർജ്ജമ ചെയ്യുന്നു<br>ഇപ്രകാരം<br>വിഭക്തിവചനങ്ങൾ<br>പ്രവർത്തനങ്ങളിലൂടെ<br>മനസിലാക്കുന്നു | 6 മാസം | സംസ്കൃതം<br>അദ്ധ്യാപി<br>ക | 2000 |

## ENGLISH

| AIM | ACTIVITIES | DURATION | RESPONSIBILITY | FINANCIAL SOURCE |
|---|---|---|---|---|
| To Inculcate English Fluency | Communicative English Class, use of ICT | English Periods Saturdays | English Teachers, English Club Leaders | Management, PTA |
| To think in English and express feelings Independently | Conducting English Assembly, Conducting English Day, Reading Breaking News | Class room Activities | Teachers, English Club leaders | English Club,Management |
| To Develop Intellectual and Professional abilities | Role Play ,Seminar, Skit | English Class Room, English Assembly | English Teachers, SRG | Parents , Teachers |
| | English News, FM Radio | Lunch Break | Teachers, PTA | |
| Developing the skill of | | | | English |

| | | | | |
|---|---|---|---|---|
| English Recitation and Poem Writing | By Video Conference with English Writers and Poets | English Periods | English Club | Club |
| Conducting Debates and Seminars | School English Voice , charts | Every Month | English Teachers | English Club, PTA |
| Developing Reading Skills | Conducting Essay Writing Competitions | Quarterly | English Teachers, Club Leaders | ............. |
| Generating English Language | Book Review Competition | Quarterly | English Teachers, Club Leaders | .............. |
| To Develop Reading skill and Imagination | Conducting a fancy dress competition | Once in a Year | English Teachers | ............ |
| To familiarise English Writers | English day Cerebration | Once in a Year | English Teachers, Club Leaders | PTA |
| To create an English Vibe in the school | English Skit | After Class time, Holidays | English Leaders | PTA |

| | | | | |
|---|---|---|---|---|
| campus<br><br>Cultivating Communicative Skills<br><br>Acting Skill<br><br>Developing Music Sense and Rhythm in English<br><br>To Inculcate the capacity to enjoy the aesthetic sense of the Poem<br><br>To Inculcate an affiliation to English<br><br>For Widening the realm of | Role Plays<br><br>Teaching Action Songs<br><br>Giving Practice in writing good appreciations<br><br>Setting up an English Corner<br><br>English Exhibition<br><br>English Open Library<br><br>Conducting English Movies of Values | English Assembly<br><br>English Class Room<br><br>English Periods<br><br>One Month Preparation for the whole year<br><br>Once in a Year<br><br>One Month Preparation for the whole year<br><br>Quarterly | English Teachers, Club Leaders<br><br>English Teachers, Club Leaders & PTA<br><br>School Management, English Club<br><br>English Teachers, Club<br><br>English Teachers, Club<br><br>English Teachers, English Club | Parents, School<br><br>............<br><br>.........<br><br>PTA |

| | | | | |
|---|---|---|---|---|
| English | | | | |
| Familiarising English Literature | Special English Training for Selected Students from each class | Once in a Month | English Teachers, English Club | PTA, School Management |
| Familiarising English Cine world | Training in English Oratory | Once in a Year | English Teachers, English Club | School Management |
| Creating English Leaders | | | English Club | School Management |
| | | | | School Management |
| Creating good English Orators | | | | School Management, PTA |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഹിന്ദി വായന<br><br>ഹൈസ്കൂൾ തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വായിക്കാൻ സാധിക്കണം | 1. ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ | | | |
| | 2. വായനാ കാർഡുകൾ തയ്യാറാക്കൽ | | | |
| | 3.ക്ലാസ്സ് ലൈബ്രറിയിൽ ഹിന്ദി പുസ്തകം | | | |
| | 4. ഹിന്ദി വായന ദിനാചരണം | | | |
| 2. ഹിന്ദി എഴുത്ത് പ്രൊജക്റ്റുകൾ,അസൈൻമെൻ്റുകൾ എന്നീ പ്രവർത്തനങ്ങൾ മുഖേന കുട്ടികളെ അക്ഷര ശുദ്ധിയോടെഹിന്ദി എഴുതാൻ പ്രാപ്തരാക്കും | പോസ്റ്റർ നിർമാണം, ഡയറി എഴുത്ത്,<br><br>റിപ്പോർട്ട് രൂപീകരണം, കത്ത് തയ്യാറാക്കുക<br><br>തിരക്കഥ എഴുത്ത്, ആസ്വാദനക്കുറിപ്പ് , | | | |

| | | | | |
|---|---|---|---|---|
| | | | | |
| 3. ഹിന്ദി ഭാഷ സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി വളരെ എളുപ്പത്തിൽ സംസാരിക്കുന്നതിന്<br><br>അനുയോജ്യമായ ക്ലാസ്സുകൾ പ്രഗൽഭരായവരെ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നു | | | |
| 4. ഹിന്ദി അസംബ്ലി | അസംബ്ലി നടത്തേണ്ട ചുമതല നിശ്ചയിക്കപ്പെട്ട ക്ലാസുകൾക്ക് നൽകുന്നു(ആഴ്ചയിലൊരിക്കൽ)<br>പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവതരണം, ജന്മദിനാശംസഗീതം തുടങ്ങിയവ ഉൾപ്പെട്ട അസംബ്ലി.<br>എല്ലാ വിദ്യാർഥികൾക്കും അവസരം നൽകപ്പെടും | | | |
| 5.ഹിന്ദി ആസ്വാദനം<br><br>വിദ്യാർഥികളിൽ | തിരക്കഥാവതരണം, ഏകാങ്ക നാടക അവതരണം | സെപ്തംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| അവതരണ രംഗത്ത്<br><br>ശോഭിക്കുന്നതിനായി വേദിയൊരുക്കുക | | | | |
| 6.ദിനാചരണം | പരിസ്ഥിതി ദിനം,ശിശു ദിനം, ഹിന്ദി ദിനം, വായനാ ദിനം,എന്നീ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ ചുമർ പത്രികകൾ തയ്യാറാക്കുന്നു<br><br>കഥാരചന,കവിതാരചന, പ്രസംഗം കവിതാപാരായണം, ഉപന്യാസ രചന തുടങ്ങിയ മത്സരങ്ങൾ നടത്തും.മികച്ച വിജയം കൈവരിച്ചവർക്ക് സമ്മാനം നൽകും. | ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| 8. ഹിന്ദി ക്ലബ് വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന്, വിദ്യാർഥിനികളുടെ | ക്ലബിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു<br><br>പ്രസിഡൻ്റ്, സെക്രട്ടറി,ക്ലാസ്സ് പ്രതിനിധികൾ എന്നിങ്ങനെ കുട്ടികളെ | നവംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കൂട്ടായ്മയായ ഹിന്ദി ക്ലബ് രൂപീകരിക്കും | ചുമതല നൽകും.<br><br>ഹിന്ദി ഭാഷാ പ്രയോഗത്തിലെ ന്യൂനതകൾ നികത്താനും മെച്ചപ്പെടുത്താനുമുള്ള ശ്രമങ്ങൾ നൽകുന്നു<br><br>ഹിന്ദി ടൈപിംഗിന് ക്ലാസ്സുകൾ നൽകും.<br><br>ഐസിടി ഉപയോഗിച്ചുള്ള പോസ്റ്റർ നിർമിക്കാൻ പഠിപ്പിക്കും. പാഠ ഭാഗവുമായി ബന്ധപ്പെട്ട ഓഡിയോകളും വീഡിയോകളും കാണാനുള്ള അവസരമൊരുക്കും.<br><br>നാടകം, കവിതാലാപനം,പ്രസംഗം മുതലായവ അവതരിപ്പിക്കാൻ അവസരം നൽകും. | | | |
| 9. വിവര സാങ്കേതിക വിദ്യ | ഹിന്ദി ടൈപിംഗിന് ക്ലാസ്സുകൾ നൽകും. | ഡിസം ബർ | ഹിന്ദി അധ്യാപ | |

| | | | | |
|---|---|---|---|---|
| ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രവ്യ സാമഗ്രികൾ<br><br>വിദ്യാർഥികളിൽ എത്തിക്കുന്നതിനായിവിവര സാങ്കേതിക വിദ്യവിനിയോഗിക്കും | ഐസിടി ഉപയോഗിച്ചുള്ള പോസ്റ്റർ നിർമിക്കാൻ പഠിപ്പിക്കും. പാഠ ഭാഗവുമായി ബന്ധപ്പെട്ട ഓഡിയോകളും വീഡിയോകളും കാണാനുള്ള അവസരമൊരുക്കും. | | കർ | |
| 10. ഹിന്ദി ഫെസ്റ്റ്<br><br>ഹിന്ദി ഭാഷയിൽ വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും. അധ്യാപനത്തിലോ സാഹിത്യത്തിലോ പ്രസിദ്ധരായവരെക്കൊണ്ട ഉദ്ഘാടനം നടത്തും. കൂടുതൽ പേർക്ക് പങ്കാളിത്തം ലഭിക്കുന്നതിനായി | നാടകം, കവിതാലാപനം,പ്രസംഗം മുതലായവ അവതരിപ്പിക്കാൻ അവസരം നൽകും. | ജനുവരി | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഗ്രൂപ്പ് ഐറ്റംസിന് പ്രാധാന്യം നൽകുന്നു. | | | | |
| 11.പഠന ന്യൂനതകൾ പരിഹരിക്കാൻ<br><br>സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സുകൾ | കുട്ടികളുടെ പഠനത്തിലെ ന്യൂനതകൾ പരിഹരിക്കാൻ സഹായകരമായ സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നു. | ഫെബ്രു വരി | ഹിന്ദി അധ്യാപകർ | |
| 12. പഠനത്തിൽ ഉന്നത വിജയം കൈവരിക്കാൻ<br><br>സ്പെഷ്യൽ ക്ലാസ്സുകൾ നൽകുന്നു. | കുട്ടികൾക്ക് എപ്ലസ് ഉറപ്പിക്കാൻ സഹായകരമായ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br><br>ശുദ്ധ ഹിന്ദി പ്രയോഗിക്കാനും സംസാരിക്കാനും വ്യാകരണ സംശയനിവാരണത്തിനും ക്ലാസ്സുകൾ നടത്തും. | | ഹിന്ദി അധ്യാപകർ | |
| 13. ഹിന്ദി വ്യാകരണ ക്ലാസ്സുകൾ | ശുദ്ധ ഹിന്ദി പ്രയോഗിക്കാനും സംസാരിക്കാനും വ്യാകരണ | | | |

| | | | | |
|---|---|---|---|---|
| | സംശയനിവാരണത്തിനും ക്ലാസ്സുകൾ നടത്തും. | | | |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വൈജ്ഞാനികം, അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ, പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുന്നു | ഫീൽഡ് ട്രിപ്പ് സംസ്ഥാന ദേശീയതല ക്വിസ് സെമിനാർ , പ്രോജക്ടുകൾ എന്നിവയിൽ പങ്കെടുക്കുന്നു ശാസ്ത്രജ്ഞരുമായി സംവദിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |
| കൗതുകം ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നു | ലഘുപരീക്ഷണങ്ങൾ, മോഡലുകൾ നിർമ്മിക്കാൻ, പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, ക്ലാസുകളിലെ മികച്ച പ്രോജക്ട് പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |
| നിരന്തരമായ അന്വേഷണം നടത്തുകയും | ക്ലാസുകളിൽ സെമിനാർ പേപ്പർ അവതരണം വർഷത്തിലൊരു പ്രാവശ്യം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |

| | | | | |
|---|---|---|---|---|
| ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു സ്കൂൾതല സയൻസ് എക്സിബിഷൻ നടത്തുന്നു ശാസ്ത്ര ശില്പശാല | | | |
| ഹൈടെക് വേൾഡ് | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം, സയൻസ് ലാബ്, ഐടി ലാബ് ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| പ്രകൃതി സംരക്ഷണം | ജലസംരക്ഷണം , മണ്ണ് സംരക്ഷണം, മാലിന്യ നിർമ്മാജനം ,ഊർജ്ജ സംരക്ഷണം എന്നിവയിലൂടെ പ്രകൃതിയെ സംരക്ഷിക്കുക മാലിന്യത്തെ ഊർജ്ജമാക്കി മാറ്റാനുള്ള പ്രോജക്ടുകൾ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |
| ശാസ്ത്ര പ്രക്രിയ പരിപോഷിപ്പിക്കൽ | ശാസ്ത്രലോകത്തെ പുത്തൻ അറിവുകൾ പങ്കുവയ്ക്കുവാൻ കുട്ടികൾ നടത്തുന്ന സ്കൂൾതല ശാസ്ത്ര പ്രക്ഷേപണ പരിപാടികൾ, സ്കൂൾതല നോട്ടീസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി ടി എ |

| | | | | |
|---|---|---|---|---|
| | ബോർഡ്, ദിനാചരണവുമായി ബന്ധപ്പെട്ട ക്ലാസ് തല അവതരണങ്ങൾ | | | |

**സോഷ്യൽ സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | 1,ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സംഘടിപ്പിക്കുന്ന സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്ന | 1 അക്കാദമിക വർഷം മുഴുവനായി നടത്തുന്ന നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് എസ് ആർ ജി സോഷ്യൽ സയൻസ് ക്ലബ്ബ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്. |
| 2.മതേതരത്വം,സഹിഷ്ണുത എന്നിവ | 2,സർവ്വേ പ്രൊജക്റ്റ് | 2.അക്കാദമിക വർഷം | 3.സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക .സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക. | ചർച്ചകൾ സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | | | |
| 3.ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. | 3 സ്കൂൾ പാർലമെൻറ്മോക്ക് പാർലമെൻറ് പൗരബോധം സാമൂഹ്യ സേവന പ്രവർത്തനങ്ങൾ നടത്തുന്നു | 3.അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | 3.സാമൂഹ്യശാസ്ത്ര അധ്യാപകർ | കുട്ടികൾ/ സുമനസ്സുകൾ |
| 4.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | 4.സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശക്കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | 4.വർഷം മുഴുവനും | 4.സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി .എ മാനേജ് മെൻറ് |
| 5.കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന | 5,സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന | 5.അക്കാദമിക വർഷം മുഴുവനും | 5.സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പൊതുവിജ്ഞാനം വളർത്തുക | മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം പ്രോജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം ) | | | |
| 6.സാമൂഹ്യ ശാസ്ത്ര വിശാല ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | 6,അധിക വായനയ്ക്ക് പുസ്തകം അറ്റ്ലസ് ഇയർ ബുക്ക് എന്നിവ ക്രമീകരിച്ച് ശാസ്ത്ര വായന കോർണർ | 6.ഒരു വർഷം ഒന്ന് | 6.സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്പോൺ സറിങ്ങ് |
| 7.സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക | 7 ഐസിടി പ്രവർത്തന മാതൃകകൾ ചരിത്രപ്രദർശനം ഡോക്യുമെൻററി | 7.ഒരു വർഷം | 7 സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്രദർശനം എന്നിവ ഉൾപ്പെടുത്തുന്നു | | | |
| 8.പ്രാചീന മധ്യ ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ മുൻനിർത്തി പ്രാദേശിക ചരിത്ര ബോധം വളർത്തുക | 8,ഡോക്യുമെൻററി പ്രദർശനം പഠനയാത്രകൾ ക്ലബ്ബ് പ്രവർത്തനങ്ങൾ മുൻകാല ഗ്രാമീണ സന്ദർശനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു | 8.ഒരു മാസം | 8 സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 9.വൈവിധ്യമാണ് ഭൂമിയുടെ യഥാർത്ഥ സമ്പത്ത് എന്ന് തിരിച്ചറിയുക. | 9,ഡിജിറ്റൽ ആൽബം തയ്യാറാക്കൽ ജന്തു-ജലം, ജനജീവിതം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് | 9.ഹ്രസ്വകാലഘട്ടം | S R G | |
| 10.ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള അറിവ് നേടൽ | 10,ആനുകാലിക വിഷയങ്ങൾ ആസ്പദമാക്കി ക്ലാസ് സെമിനാർ സംഘടിപ്പിക്കുന്നു | 10.സാമൂഹ്യശാസ്ത്ര അധ്യാപകർ | 10 സോഷ്യൽ സയൻസ് ക്ലബ്ബ് | |
| 11.സാമൂഹ്യശാസ്ത്ര അവബോധം | 11.സോഷ്യൽ സയൻസ് | 11.സോഷ്യൽ സയൻസ് ക്ലബ്ബ് | 11 സോഷ്യൽ സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| സൃഷ്ടിക്കൽ | കോർണർ രൂപീകരിക്കുന്ന | | | |
| 12.സാമൂഹ്യശാസ്ത്രത്തിൽ കൂടുതൽ അറിവ് ആർജിക്കൽ | 12.ക്വിസ് മത്സരം നടത്തുന്ന പുരാവസ്തു പ്രദർശനം | 12.ഒരു മാസം | 12.സോഷ്യൽ സയൻസ് ക്ലബ്ബ് | |

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കാൻ | ഒപ്പത്തിനൊപ്പം:പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക്ക് | ജൂൺ | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാന്റ് |
| മത്സരവേദിയിലേക്ക് | സ്കൂൾതല മത്സരങ്ങൾ- ഉപജില്ല മത്സങ്ങൾ | ജൂലായ്, ഓഗസ്റ്റ് , സെപ്തംബർ | അദ്ധ്യാപകർ | 3000/- PTA |
| Field trip | ഗണിത ക്ലബിലെ കുട്ടികൾക്ക് ഗണിതാശയങ്ങൾ കണ്ട് പഠിക്കാനുള്ള അവസരം ഒരുക്കുന്ന | ഓക്ടോബർ | അദ്ധ്യാപകരും ക്ലബ് അംഗങ്ങൾ | 5000/- രക്ഷിത ാക്കൾ |
| Exhibition | കുട്ടികളിൽ ഗണിതത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്ന | നവംബർ | അദ്ധ്യാപകരും ക്ലബ് അംഗങ്ങൾ | 1000/- PTA |

| | | | |
|---|---|---|---|
| Maths Day | കുട്ടികളിലുള്ള ഗണിതാഭിരുചി വളർത്തുന്ന | ഡിസംബർ | അദ്ധ്യാപകരും ക്ലബ് PTA അംഗങ്ങൾ |
| മത്സര പരീക്ഷകൾക്ക് ഒരുക്കൽ | മത്സര പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നു | ഡിസംബർ- ജനുവരി | അദ്ധ്യാപകർ |
| ഉല്ലാസ ഗണിതം | ഗണിതത്തിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ ഉന്നത വിജയം നൽകാൻ പ്രാപ്തരാക്കുന്നു | ഫെബ്രുവരി | അദ്ധ്യാപകർ |
| ഗണിത A+ | A+ നിലവാരത്തിലുള്ള കുട്ടികൾക്ക് പഴയ ചോദ്യ പേപ്പർ ശേഖരിച്ച് പരിശീലനം നൽകുന്നു. Test paper കൾ എടുക്കുന്നു | | അദ്ധ്യാപകർ |
| പൈ ദിനം | March 14 ന്റെ പ്രത്യേകത കുട്ടികളിൽ ഉറപ്പിക്കുന്നു | മാർച്ച് | അദ്ധ്യാപകർ |
| ഗണിത ശില്പശാല | ഗണിത വിദഗ്ധരുമായി സംവാദം നടത്തുവാനുള്ള | വർഷത്തിൽ ഒരു ദിവസം | ഗണിതവിദഗ് ധർ |

| | | | | |
|---|---|---|---|---|
| | അവസരം ഒരുക്കുന്നു | | | |
| ഗണിത ലാബ് | ഗണിത പ്രായോഗികത മനസ്സിലാക്കാൻ | ഒരു വർഷം | രക്ഷിതാക്കൾ ,കുട്ടികൾ ബി ആർ സി | സ്പോൺസർഷിപ്പ് |
| Maths Store | പ്രായോഗിക പ്രശ്നപരിഹരണം | ഒരു വർഷം | ഗണിത ക്ലബ് അംഗങ്ങൾ, അദ്ധ്യാപകർ | |
| Gifted | ICT ഉപയോഗിച്ച് class എടുക്കുന്നു | എല്ലായ്പ്പോഴും | അദ്ധ്യാപകർ | |
| ഗണിത ശാസ്ത്ര മാഗസിൻ | | | | |

# IT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഐടി ലാബ് നവീകരണം | ഓരോ വിദ്യാർത്ഥിക്കും ഒരു ലാപ്പ് എന്ന നിലയിൽ ഐടി ലാബ് നവീകരിക്കും | ഏപ്രിൽ മെയ് | മാനേജ്മെൻറ് പിടിഎ | 10 ലക്ഷം<br>5 ലക്ഷം |

| | | | | |
|---|---|---|---|---|
| ക്ലാസ് മുറികൾ സ്മാർട്ട് ആക്കൽ | ഒരു ലാപ് ഒരു പ്രൊജക്ടർ | അടുത്തവർഷ ആരംഭത്തിൽ | പിടിഎ | |
| ആശയധാരണ കൈവ രിക്കാൻ | IT യുമായി ബന്ധപ്പെട്ട സംശയനിവാര ണത്തിനായി അധ്യാപകർക്കു ം വിദ്യാർത്ഥികൾ ക്കും ക്യാമ്പ് | ജൂൺ | അദ്ധ്യാപകർ | മുന്നോക്കം നിൽക്കുന്ന കുട്ടികൾ ടീച്ചേഴ്സ് ഗ്രാന്റ് |
| മത്സരവേദിയി ലേക്ക് | സ്കൂൾതല മത്സരങ്ങൾ-ഉപജില്ല മത്സങ്ങൾ | ജൂലായ്, ഓഗസ്റ്റ് , സെപ്തംബർ | അദ്ധ്യാപകർ | 3000/- PTA |
| Field trip | റോബോട്ടിക്സ് എ ഐ എന്നിവ കണ്ട് പഠിക്കാനുള്ള അവസരം ഒരുക്കുന്നു | ഒക്ടോബർ | അദ്ധ്യാപകരും ക്ലബ് അംഗങ്ങൾ | 5000/- രക്ഷിതാ ക്കൾ |
| Exhibition | കുട്ടികളിൽ IT യോടുള്ള താല്പര്യം | നവംബർ | അദ്ധ്യാപകരും ക്ലബ് അംഗങ്ങൾ | 1000/- PTA |

| | | | | |
|---|---|---|---|---|
| | വർദ്ധിപ്പിക്കുന്നു | | | |
| IT Fest | കുട്ടികളിലുള്ള IT അഭിരുചി വളർത്തുന്നു | ഡിസംബർ | ക്ലബ് അംഗങ്ങൾ PTA അദ്ധ്യാപകരും | |
| മത്സര പരീക്ഷകൾക്ക് ഒരുക്കൽ | മത്സര പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നു | ഡിസംബർ ജനുവരി | അദ്ധ്യാപകർ | |
| മിടുക്കരാക്കാൻ | IT യിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ ഉന്നത വിജയം നൽകാൻ പ്രാപ്തരാക്കുന്നു | ഫെബ്രുവരി | അദ്ധ്യാപകർ | |
| IT A+ | A+ കുട്ടികൾക്ക് പഴയ ചോദ്യ പേപ്പർ ശേഖരിച്ച് പരിശീലനം നൽകുന്നു | എല്ലാ മാസവുംTest paper എടുക്കുന്നു | അദ്ധ്യാപകർ | |
| IT ശില്പശാല | IT | വർഷത്തിൽ | IT വിദഗ്ധർ | |

| | | | | |
|---|---|---|---|---|
| | വിദഗ്ധരുമായി സംവാദം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | ഒരു ദിവസം | | |
| Gifted | ICT ഉപയോഗിച്ച് class എടുക്കുന്നു | എല്ലാ ദിനവും | അദ്ധ്യാപകർ | |
| IT മാഗസിൻ | ലിറ്റിൽ കൈറ്റ്സ് നേതൃത്വത്തിൽ മാഗസിൻ തയ്യാറാക്കുന്നു | എല്ലായ്പ്പോഴും വർഷത്തിൽ ഒരെണ്ണം | അദ്ധ്യാപകർ | |

# PT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസിലാക്കി കൊടുക്കുക. | പ്രാക്ടിക്കൽ ക്ലാസുകളോടൊപ്പം സ്വന്തം ശാരീരികാവസ്ഥ മനസിലാക്കാൻ കഴിയും വിധത്തിലുള്ള | മാസത്തിൽ രണ്ടു ക്ലാസ്സ് | കായിക അധ്യാപിക | ഇല്ല |

| | | | | |
|---|---|---|---|---|
| | തിയറി ക്ലാസ്സുകളും നൽകുക. | | | |
| സ്വന്തമായി കളിസ്ഥലങ്ങളും വിവിധ കളികൾക്കുള്ള കോർട്ടുകളും നിർമ്മിക്കുക. | സ്കൂളിനോട് ചേർന്നുള്ള സ്ഥലങ്ങളോ കോർട്ടുകളോ അവരുടെ അനുവാദത്തോടെ വാങ്ങിച്ച് കുട്ടികൾക്ക് കളിക്കാനുള്ള അവസരം നൽകുക | എല്ലാ ദിവസവും | PTA | 50000 |
| കൃത്യമായ കായിക പരിശീലനം | അവധിക്കാല പരിശീലനം | 2 മാസം | പൂർവ വിദ്യാർത്ഥി കായിക താരങ്ങളും കായിക അധ്യാപികയും | 10000 |
| വിവിധ കായിക ഇനങ്ങളെ കുറിച്ചുള്ള അറിവ് സമ്പാദിക്കൽ | ദിനാചരണങ്ങൾ , ക്വിസ് മത്സരം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക | മാസത്തിൽ ഒരിക്കൽ | ക്ലബ് ലീഡേഴ്സ്, കായിക അധ്യാപിക | 1000 |

## ART & MUSIC

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിലെ സർഗവാസനകൾ സഭാകമ്പം കൂടാതെ അവതരിപ്പിക്കുക | കുട്ടികൾക്ക് പരമാവധി വേദികൾ നൽകുകയും അതോടൊപ്പം തന്നെ വളരെ ചെറിയ ഇനങ്ങൾ ആണെങ്കിൽ കൂടി മൈക്കിൽ പാടി അവതരിപ്പിക്കുകയും ചെയ്യുക | എല്ലാ ആഴ്ചയിലെയും ഓരോ ക്ലാസ്സ് | കലാധ്യാപകർ ,കലയുമായി അഭിരുചിയുള്ള അധ്യാപകർ | ഇല്ല |
| 2 | പുതിയ കാലഘട്ടത്തിലെ മാനസിക സമ്മർദ്ദങ്ങളെ മറികടക്കുവാൻ വേണ്ട മാനസിക ആരോഗ്യം നേടുകയും ചെയ്യുക. | പൂർവവിദ്യാർത്ഥ ികളിൽ കലാരംഗത്ത് പ്രഗൽഭരായവരെ സ്കൂളിൽ വിളിച്ച് ആദരിക്കുകയും അവരുടെ കലാപ്രകടനം കുട്ടികൾക്ക് | 2 വർഷം | കലാധ്യാപകർ | ചിത്രപ്രദർശനം, ഗാനമേള എന്നിവയിലൂടെ സാമ്പത്തിക സ്രോതസ്സ് കണ്ടെ |

| | | | | | |
|---|---|---|---|---|---|
| | | ആസ്വദിക്കാൻ അവസരം ഒരുക്കുകയും ചെയ്യുക . | | | ത്തുക. |
| 3 | ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ കണ്ടു മനസ്സിലാക്കുകയും കേരളത്തിലെ മറ്റു കലാരൂപങ്ങളിൽ നിന്നുള്ള അവയുടെ വ്യത്യാസം കൂടുതൽ അടുത്തറിയുവാൻ ശ്രമിക്കുകയും ചെയ്യുക | നേരിട്ട് കണ്ട് ആസ്വദിക്കാൻ അവസരം ലഭിക്കാത്ത കലാരൂപങ്ങൾ പ്രദർശനം നടത്തുക ഉദാഹരണം സോപാനസംഗീതം, ഓട്ടൻതുള്ളൽ ,പിന്നൽ തിരുവാതിര, സംഗീതോപകരണങ്ങളുടെ കച്ചേരി, കഥക്, ഒഡീസി എന്നീ നൃത്തരൂപങ്ങൾ | 5 വർഷം | കലാധ്യാപകർ | 10000 |
| 4 | സ്വന്തമായി വരികൾ എഴുതി ട്യൂൺ ചെയ്യുക അതുവഴി കുട്ടികളിലെ സർഗവാസനകൾ | കുട്ടികളിലെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി ഓരോ ക്ലാസിനും | 2 വർഷം | കലാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | പരിപോഷിപ്പിക്കുക യും ചെയ്യുക | ഒരു വിഷയം നൽകി വരികൾ സ്വന്തമായിഎഴുതി ഈണം നൽകാനുള്ള പരിശീലന ക്ലാസുകൾ നൽകുന്നു<br>വിവിധ സംഗീത ഉപകരണങ്ങൾ അഭ്യസിക്കുന്ന കുട്ടികൾക്ക് ഒരുമിച്ച് ചേർന്ന് പലവിധ സംഗീതോപകരണങ്ങൾ എങ്ങനെ ഒരുമിച്ച് ചേർന്ന് വായിക്കാം എന്ന് മനസ്സിലാക്കുന്നതിനായി ഈ മേഖലയിൽ പ്രഗൽഭരായ കലകാരേയോ പൂർവ്വ വിദ്യാർത്ഥികളെയോ സംഘടിപ്പിച്ച പരിശീലന | | | |

| | | | | | |
|---|---|---|---|---|---|
| 5 | ചിത്രരചനയുടെ വിവിധ മേഖലകളെ കുറിച്ച് കൂടുതൽ അടുത്തറിയുവാനും ചുമർചിത്ര രചന എന്ന മേഖലയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും ഉള്ള അവസരം ഉണ്ടാക്കുക | കളരികൾ നടത്തുന്നു.<br><br>ചിത്ര രചനാ ക്ലാസ്സുകൾ<br><br>1. സ്വന്തമായി വരച്ച നിറം കൊടുത്ത കുടകളും വസ്ത്ര ങ്ങളും വിദ്യാർത്ഥികൾ തന്നെ നിർമ്മിക്കുന്നു.<br><br>2. എല്ലാ അധ്യാപകരേയു ം വിദ്യാർത്ഥികളേ യും ഉൾപ്പെടുത്തി വർഷത്തിലൊരി ക്കൽ കളർഫെസ്റ്റ് (പെയിന്റിംഗ്, ഡ്രോയിംഗ്)<br><br>3. "എന്റെ ചിത്രം" കുട്ടികൾ അവർ | 3 വർഷം | കലാധ്യാപകർ | ചിത്രപ്രദ ർശനം, ഗാനമേള എന്നിവ യിലൂടെ സാമ്പ ത്തിക സ്രോത സ്സ് കണ്ടെ ത്തുക. |

| | | | | | |
|---|---|---|---|---|---|
| | | സ്വന്തമായി വരച്ച് പെയിന്റും ഫ്രെയിമും ചെയ്ത് ചുവരിലേക്ക് എന്റെ ചിത്രം<br><br>4. ആർട്ട് ഗ്യാലറി - വിശേഷാവസരങ്ങളിൽ എക്സിബിഷൻ ഒരുക്കുക<br><br>5. വർഷത്തിലൊരിക്കൽ “സ്റ്റുഡൻസ് ബിനാലെ ! | | | |

# അപ്പർ പ്രൈമറി വിഭാഗം

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (വായനാ എഴുത്ത് ) | വായന: വായനക്കൂട്ടം ലൈബ്രറി നവീകരണം പുതിയ പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവയുടെ ശേഖരണം | PTA, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ | 10,000/ year | PTA |
| സാഹിത്യകാരന്മാരെ പരിചയപ്പെടൽ (നേരിട്ടും, അല്ലാതെയും ) സാഹിത്യകാരന്മാരുമായി സംവാദത്തിലേർപ്പെടൽ | ജീവചരിത്രം, അഭിമുഖം, ക്ലാസ്സ് റൂം എഴുത്തുകാരന്മാരുടെ ലോകം . കവിതയുടെ ചിത്രങ്ങൾ, കഥയുടെ ഭാഗങ്ങൾ എന്നിവയുടെ ചിത്രങ്ങൾ ചുമരിൽ വരയ്ക്കൽ | മലയാളം അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ | ssk | അധ്യാപകർ |
| പാഠഭാഗത്തിലെ കഥ, കവിതകൾ etc എന്നിവയെ അടിസ്ഥാനമാക്കി വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിന് | സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് (നാടകം, സംഭാഷണം , കാർട്ടൂൺ, കഥ, കവിത, കടങ്കഥ etc കൈയ്യെഴുത്ത്, മാസിക , | മലയാളം അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ | 2000 / Term | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | മാഗസിൻ എന്നിവ തയ്യാറാക്കൽ | | | | |
| ഭാഷാ ക്ലാസ്സുകളെ നവീന മാധ്യമങ്ങളുമായി ബന്ധപ്പെടുത്തുക. | ഭാഷയുമായി ബന്ധപ്പെട്ട ICT ശേഖരണം സാഹിത്യകാരന്മാർ തരം തിരിച്ച് കഥകൾ, കവിതകൾ ചിത്രങ്ങൾ etc<br>Test book based പ്രവർത്തനങ്ങൾ .<br>സ്വയം നിർമ്മിത പ്രവർത്തനങ്ങൾ | മലയാളം അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ | 5000/class | അധ്യാപകർ |

## സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നടത്തിപ്പ് ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
